National Games KERALA 2015
31 Jan - 14 Feb

Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണൽ ഗെയിംസ്;

## ആരാധർക്ക് സമ്മനാമായി ഇൻഫർമേഷൻ ആപ്പ് എത്തി

തിരുവനന്തപുരം; 31 ജനുവരി 2015: കാലം കാത്തിരുന്ന ഇന്ത്യയുടെ കായിക മാമാങ്കത്തിന് കേരളക്കരയിൽ ആവേശത്തുടക്കം. മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന് അനന്തപുരിയിൽ തിരിതെളിഞ്ഞപ്പോൾ ആരാധകർക്ക് സമ്മാനമായി ഗെയിംസ് ഇൻഫർമേഷൻ ആപ്പ്. രാജ്യം ഉറ്റുനോക്കുന്ന കായികമേളയുടെ സമഗ്ര വിവരങ്ങൾ കായികപ്രേമികളുടെ വിരൽത്തുമ്പിലേക്കെത്തിക്കഴിഞ്ഞു.

തത്സമയ മത്സരഫലങ്ങൾ, വേദികൾ, മത്സരക്രമങ്ങൾ, മെഡൽ നില തുടങ്ങി ഗെയിംസ് സംബന്ധമായ സകല വിവരങ്ങളും ഉൾക്കൊള്ളിച്ചു കൊാകും ആപ്ലിക്കേഷനു രൂപം നൽകുക. ആൻഡ്രോയ്ഡ് വേർഷനുകൾക്കിണങ്ങുന്ന തരത്തിലാണ് ആപ്പിന്റെ രൂപകൽപ്പന.

നാഷണൽ ഗെയിംസിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.kerala2015.com ) അപ്ഡേറ്റ് ആകുന്ന മുറയ്ക്ക് ഗെയിംസ് ഇൻഫർമേഷൻ ആപ്പും അപ്ഡേറ്റ് ആകും. www.kerala2015.com/infoapp എന്ന ലിങ്കിൽ നിന്നും ആരാധകർക്ക് ഗെയിംസ് ഇൻഫർമേഷൻ ആപ്പ് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ഗെയിംസിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിക്കുന്ന എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ ഗെയിംസ് വിർച്ച്വൽ ടോർച്ച് ആപ്പിന് ആവേശകരമായ സ്വീകരണമാണ് കായിക പ്രേമികളിൽ നിന്നും ലഭിച്ചിരുന്നത്.

